**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **20-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | 16.03.2018 ലെ സ.ഉ (സാധാ) നം. 38/2018/ കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s. കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിംഗ്, ചെയ്ഞ്ച് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ M/s. കിറ്റ്കോ ടി പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിന്റെ പകർപ്പ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20.01.2024 ലും 06.03.2024 ലും പ്രസ്തുത പ്രവൃത്തിക്കായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി പ്രവൃത്തിയുടെ ഒറിജിനൽ ടെണ്ടർ ഡോക്യുമെന്റ്സ് കമ്മിറ്റിയിൽ സമർപ്പിക്കുവാൻ M/s. കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടെന്റർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കാൻ 21.05.2024-ലെ കത്ത് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നത് അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക തടസ്സങ്ങൾ നീക്കി സ്റ്റേഡിയത്തിന്റെ | (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി എസ്.പി.വി ആയ M/s.കിറ്റ്കോ സ്വീകരിക്കുന്ന പക്ഷം കാലതാമസം |

| | | | |
|---|---|---|---|
| | നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | ഉണ്ടാകാതെ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ